# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പിരായിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.17-478/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിരായിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.17-478/2023 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2021 മുതൽ 22-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട്.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.താരീഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷീജ.വി.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുമതി .സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.മുഹമ്മദ് ഷാഫി.പി.കെ | സെക്രട്ടറി | 01-04-2021 | 25-05-2021 |
| ശ്രീ.രജീഷ്കുമാർ.സി.സി,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-05-2021 | 29-06-2021 |
| ശ്രീ.മുഹമ്മദ് ഷാഫി.പി.കെ | സെക്രട്ടറി | 30-06-2021 | 30-06-2021 |
| ശ്രീ.രജീഷ്കുമാർ.സി.സി,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 18-07-2021 |
| ശ്രീ.സജീവ്കുമാർ | സെക്രട്ടറി | 19-07-2021 | 24-09-2021 |
| ശ്രീ.ഷെരീഫുദ്ദീൻ.ഐ | സെക്രട്ടറി | 25-09-2021 | 19-12-2021 |
| ശ്രീമതി.ശാന്തി.എൽ | സെക്രട്ടറി | 20-12-2021 | 14-02-2022 |
| ശ്രീ.രജീഷ്കുമാർ.സി.സി,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രജീഷ്കുമാർ.സി.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മി കൃഷ്ണൻ .വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.റെഷിൻ.പി.എ. | വെറ്ററിനറി സർജൻ | 01-04-2021 | 13-12-2021 |
| ഡോ.ദിലീപ് ഫൽഗുണൻ | വെറ്ററിനറി സർജൻ | 14-12-2021 | 31-03-2022 |
| ഡോ.റീബ.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.മഹി .കെ.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.റെജുല.എം. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.ശിവപ്രസാദ് .കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രമീള.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.മുബാറക് .എം.കെ | പ്രധാന അദ്ധ്യാപകൻ | 01-04-2021 | 28-11-2021 |
| ശ്രീമതി.ജയലക്ഷമി.പി.വി | പ്രധാന അദ്ധ്യാപിക | 29-11-2021 | 21-12-2021 |
| ശ്രീമതി.സീതാലക്ഷമി.എൻ | പ്രധാന അദ്ധ്യാപിക | 22-12-2021 | 31-03-2022 |
| ശ്രീ.ദേവപ്രസാദ് .പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.രാധിക.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 9 | ക്ഷേമ പദ്ധതികൾ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-11 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11-1 |
| 14 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-11-2 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-12 |
| 16 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-12-1 |
| 17 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-12-2 |
| 18 | വസ്തുനികുതി കുടിശ്ശിക | 1-13 |
| 19 | വസ്തു നികുതി -അപാകതകൾ | 1-14 |
| 20 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-15 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കിയത് -സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-16 |
| 22 | ആയുർവ്വേദ ആശുപത്രി -ദൈനംദിന ചെലവുകൾക്ക് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-17 |
| 23 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല | 1-18 |
| 24 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 25 | ഹോമിയോ ആശുപത്രി -ദൈനംദിന ചിലവുകൾക്ക് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-20 |
| 26 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-21 |
| 27 | വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ - ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-22 |
| 28 | കൃഷി ഓഫീസർ - ഗുണഭോക്തൃവിഹിതം നൽകിയത് -ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-23 |
| 29 | എല്ലാ ക്ഷീര കർഷകർക്കും സബ്‌സിഡി ലഭ്യമാക്കുന്നില്ല | 1-24 |
| 30 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല | 1-25 |
| 31 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു | 1-26 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 33 | ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജ് രണ്ടുപ്രാവശ്യം അടവാക്കി | 1-28 |
| 34 | തെരുവു വിളക്ക് റിപ്പയർ - ചെലവിനാസ്പദമായ അനുബന്ധ രേഖകൾ ഇല്ല | 1-29 |
| 35 | ആംബുലൻസ് ഉപയോഗിക്കുന്നതിന് രണ്ട് ഡ്രൈവർമാരെ നിയമിച്ച് വേതനം നൽകി | 1-30 |
| 36 | ലൈഫ് ഭവന പദ്ധതി ( ജനറൽ)- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 1-31 |
| 37 | ലൈഫ് ഭവനം- സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 38 | ലൈഫ് ഭവന പദ്ധതി- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത്- ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-33 |
| 39 | ലൈഫ് ഭവന പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 1-34 |
| 40 | ലൈഫ് ഭവനം- അധിക വിഹിതം നൽകി-20000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവനം- അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| 2 | തെരുവു വിളക്ക് റിപ്പയർ - ചെലവിനാസ്പദമായ അനുബന്ധ രേഖകൾ ഇല്ല. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ- സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.02.2021 തിയതിയിലെ തീരുമാനം നം. 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം വരവ് ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് ചെലവ് |
|---|---|---|---|
| 1 | മുന്നിരിപ്പ് | 41987373.00 | 31360925.00 |
| 2 | വരവ് | 280419877.00 | 150699482.00 |
| 3 | ആകെ | 323407250.00 | 182060407.00 |
| 4 | ചെലവ് | 283409277.00 | 136564565.00 |
| 5 | നീക്കിയിരുപ്പ് | 38997973.00 | 45495842.00 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കുടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 23.03.2022 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 05.07.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) MLA SDF മുഖാന്തിരമുള്ള പ്രോജക്റ്റുകൾക്ക് ലഭിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ട്രഷറി ബിൽ ബുക്ക് പ്രകാരം MLA SDF പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം.തീയതി | തുക |
|---|---|---|
| 1 | 01/22തീ 01.06.21 | 491173 |
| 2 | 02/22 തീ.01.06.21 | 1547020 |
| 3 | 04/22 തീ.18.06.21 | 500833 |
| 4 | 06/22 തീ.18.06.21 | 1845300 |
| 5 | 08/22 തീ.21.06.21 | 1845300 |
| 6 | 21/22 തീ.11.10.21 | 492467 |
| 7 | 25/22 തീ.18.11.21 | 489856 |
| 8 | ആകെ | 7211949 |

2) തൊഴിൽ രഹിത വേതനം ലഭിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല .

ട്രഷറി ബിൽ ബുക്ക് പ്രകാരം തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം.തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 16/22തീ 07.09.21 | 55080 |
| 2 | 44/22 തീ.23.03.22 | 22080 |
| 3 | ആകെ | 77160 |

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/28.02.2023) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31360925.00 |
| വരവ് | 150699482.00 |
| ആകെ | 182060407.00 |
| ചെലവ് | 136564565.00 |
| നീക്കിയിരിപ്പ് | 45495842.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13959751 | 13959751 | 13911700 | 48051* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10489182 | 10489182 | 4915921 | 5573261** |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 9682523 | 9682523 | 4802671 | 4879852 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 11248675 | 11248675 | 9962013 | 1286662 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank) | 0 | 6326000 | 6326000 | 1401725 | 4924275 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Treasury) | 0 | 5338445 | 5338445 | 3052169 | 2286276 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Bank ) | 0 | 4217000 | 4217000 | 1806565 | 2410435 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Treasury) | 0 | 1097288 | 1097288 | 883113 | 214175 |
| ICDS | 1797497 | 1326343 | 3123840 | 2414729 | 709111 |
| MLA SDF | 0 | 7211949 | 7211949 | 7211949 | 0 |
| TSC | 3785074 | 210000 | 3995074 | 210000 | 3785074 |
| JALANIDHI | 0 | 1163932 | 1163932 | 1163932 | 0 |
| ശുചിത്വമിഷൻ (സംസ്ഥാനം) | 3595835 | 17500 | 3613335 | 2850000 | 763335 |
| ലൈഫ് സംസ്ഥാന വിഹിതം | 3180000 | 11400000 | 14580000 | 14540000 | 40000 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 1795800 രൂപ , ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ്

6921549രൂപ എന്നിവയുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത ആകെ തുകയായ 8717349 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 441118 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 368/22: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 3153333 | വികസന ഫണ്ട് (ജനറൽ) |
| 2 | 407/22ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 3738883 | വികസന ഫണ്ട് (ജനറൽ) |
| 3 | 371/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 29333 | വികസന ഫണ്ട് (ജനറൽ) |
| 4 | 366/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 598600 | വികസന ഫണ്ട് (ജനറൽ) |
| 5 | 370/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 598600 | വികസന ഫണ്ട് (ജനറൽ) |
| 6 | 409/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 598600 | വികസന ഫണ്ട് (ജനറൽ) |
| | ആകെ | 8717349 | |
| 1. | 369/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 205333 | വികസന ഫണ്ട് (എസ്.സി.പി) |
| 2. | 408/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 235785 | വികസന ഫണ്ട് (എസ്.സി.പി) |
| | ആകെ | 441118 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 178133663 | 163 | 86192723 | 0 | 73 | 69 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5216860 | 4253430 | 82 |
| വെറ്ററിനറി സർജൻ | 8 | 5 | 3873240 | 758868 | 20 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 2154259 | 1312735 | 61 |
| മെഡിക്കൽ ഓഫീസർ- | 2 | 2 | 350000 | 334180 | 95 |

| | | | | | |
|---|---|---|---|---|---|
| ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 650000 | 626930 | 96 |
| വി.ഇ.ഒ | 12 | 12 | 87500841 | 27635092 | 32 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 6400000 | 4986743 | 78 |
| സെക്രട്ടറി | 51 | 21 | 24161940 | 11908151 | 49 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1030000 | 1030000 | 100 |
| ഹെഡ് മാസ്റ്റർ | 3 | 3 | 1715000 | 1551581 | 90 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 132 | 96 | 36201359 | 25915134 | 72 |
| അസി.സെക്രട്ടറി | 8 | 7 | 8880164 | 5879879 | 66 |
| ആകെ | 236 | 163 | 178133663 | 86192723 | 48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6457 | 348836 | 355293 | 355285 | 8 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24640921 | 24640921 | 24640921 | 0 |
| ആകെ | 6457 | 24989757 | 24996214 | 24996206 | 8 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-02-2023 ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 1,26,898/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6,778,600.00 | 412 |
| വിധവാപെൻഷൻ | 27,518,200.00 | 2152 |
| വാർദ്ധക്യകാലപെൻഷൻ | 47,987,000.00 | 2623 |
| വികലാംഗപെൻഷൻ | 6,763,600.00 | 395 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,074,600.00 | 92 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 600,000.00 | 20 |

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച്പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന രീതിയിൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

01.04.2014 മുതൽ 31.03.2015വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.ആയതിൽ രണ്ട് പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല. 01.10.2022 മുതൽ 31.12.2022 വരെയുള്ള പെർഫോമൻസ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഒന്നുംതന്നെയില്ല.

## 1-11 തൊഴിൽ നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

തൊഴിൽ നികുതി രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടുകയോ, ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

| ക്രമനം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ | ഒന്നാം അർദ്ധ വർഷം |
| 2 | ആയുർവേദ ആശുപത്രി | ഒന്ന് & രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ബ്ലോക്ക് പഞ്ചായത്ത് | ഒന്ന് & രണ്ട് അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 4 | വില്ലേജ് ഓഫീസ് | ഒന്ന് & രണ്ട് അർദ്ധ വർഷങ്ങൾ |
| 5 | ഇന്ത്യൻ ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| 6 | പാലക്കാട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് സർവീസ് ബാങ്ക് കല്ലേക്കാട് | ഒന്നാം അർദ്ധ വർഷം |
| 7 | പാലക്കാട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് സർവീസ് ബാങ്ക് പിരായിരി | രണ്ടാം അർദ്ധ വർഷം |
| 8 | പോസ്റ്റ് ഓഫീസ് കല്ലേക്കാട് | ഒന്നാം അർദ്ധ വർഷം |
| 9 | ആംഡ് റിസർവ് പോലീസ് കള്ളിക്കാട് | ഒന്നാം അർദ്ധ വർഷം |

1-11-2 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | വിഷ്ണു ട്രേഡേഴ്സ് | 6 |
| 2 | വിൻലാക്സ് ഹാർഡ് വെയേഴ്സ് | 10 |
| 3 | ഹൈടെക് ഓഡിറ്റോറിയം | 4 |
| 4 | മദീന സെറാമിക്സ് ഇൻഡസ്ട്രീസ് | 5 |
| 5 | സുപ്രീം വയർ പ്രോഡക്റ്റ്സ് | 6 |
| 6 | പാനാസം ഫുഡ്സ് | 5 |
| 7 | കെ കെ എം പെട്രോ പാർക്ക് | 8 |
| 8 | അത്താച്ചി വെൽനസ് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 5 |
| 9 | സംസം പ്ലാസ്റ്റിക്സ് | 7 |
| 10 | ഇറോം മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 32 |
| 11 | പി വി ആർ വീൽസ് റോയൽ എൻഫീൽഡ് | 5 |
| 12 | കരോട്ട് ഇൻഡസ്ട്രീസ് | 4 |
| 13 | ടി സെവൻ ഫ്യൂവൽസ് കല്ലേക്കാട് | 5 |
| 14 | പോളിഷിംഗ് ആൻഡ് കോട്ടിംഗ്സ് | 4 |
| 15 | ഗ്രാൻഡ് ഹ്യുണ്ടായി | 46 |
| 16 | ഐക്കോൺസ് എക്യുപ്മെന്റ്സ് | 6 |

| | | |
|---|---|---|
| 17 | നവാൽ ഏജൻസീസ് | 4 |
| 18 | പോലീസ് കാന്റീൻ | 9 |
| 19 | ന്യൂ മലബാർ ഹോട്ടൽ | 6 |
| 20 | എഡൽവീസ് മെഡിക്കൽസ് | 4 |
| 21 | എസ് എസ് അസോസിയേറ്റ് | 5 |
| 22 | തസ്‌ലീജ് ഐസ് ആൻഡ് കോൾഡ് സ്റ്റോറേജ് | 7 |
| 23 | അയ്യപ്പ ടൈൽസ് | 4 |
| 24 | A2z സൂപ്പർ മാർക്കറ്റ് | 8 |
| 25 | ഹോട്ടൽ ഗ്രീൻ സ്റ്റാർ | 7 |
| 26 | മഹാലക്ഷ്മി പ്യൂവർ വെജ് ഹോട്ടൽ | 4 |
| 27 | കംഫർട്ട് സോഫ | 4 |
| 28 | കോമൺവെൽത്ത് ബ്രിക് യൂണിറ്റ് | 4 |
| 29 | എ കെ ആർ എക്സ്പ്രസ് പ്രൈവറ്റ് ലിമിറ്റഡ് | 4 |
| 30 | ഒല്ലോഫാബ് ഇംപെക്സ് എൽഎൽപി | 6 |
| 31 | ദുആത്തുലത്ത് ഗാർമെന്റ്സ് | 35 |
| 32 | പി & ടി ഫുഡ് പ്രോഡക്റ്റ്സ് | 6 |
| 33 | മാവേലി സൂപ്പർ സ്റ്റോർ | 4 |
| 34 | ഷീമ ഫ്യൂവൽസ് | 4 |
| 35 | ദയ ഗാർമെന്റ്സ് | 6 |
| 36 | അമൃത അച്ചാർ | 10 |
| 37 | എ ആർ സ്റ്റീൽസ് | 8 |
| 38 | എ എം വിങ്സ് ഹോണ്ട | 7 |
| 39 | ഗാലക്സി | 4 |

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചതിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2021-22 വർഷത്തിൽ 400 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 15 വാർഡുകളിലായി 1809കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

1-12-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം ഭൂരിഭാഗം അപേക്ഷകളിലും രേഖപ്പെടുത്തുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന പരിശോധനയിൽ ബോധ്യപ്പെട്ടു. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 വസ്തുനികുതി കുടിശ്ശിക

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 30,51,590/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 6,92,918 | 11,75,697 | 18,68,615 |
| ഗാർഹികേതരം | 4,05,478 | 7,77,497 | 11,82,975 |
| ആകെ | 10,98,396 | 19,53,194 | 30,51,590 |

കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വസ്തു നികുതി -അപാകതകൾ

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും പട്ടിക രണ്ട് - കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/ വർദ്ധനവും ക്രമ നമ്പർ 2 പ്രകാരം അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്റർ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉള്ള കെട്ടിടത്തിനു ഇളവോ/ വർദ്ധനവോ നൽകേണ്ടതില്ല എന്നു നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്റർ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച ഫോം 6 പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിട ഉടമകൾക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ 10 % ഇളവ് അനുവദിച്ചിട്ടുള്ളതിന്റെ ഉദാഹരണം കാണുക.

| ക്രമ നമ്പർ | ഉടമ | തറ വിസ്തീർണ്ണം | റോഡിന്റെ പേര് | അടിസ്ഥാന വസ്തു നികുതി | അനുവദിച്ച ഇളവ് 10% | ഈടാക്കിയ വസ്തു നികുതി+ ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|
| 1 | നാരായണ സ്വാമി, വാർഡ് -16 | 132.02 M2 | കൊട്ടുന്തരപുള്ളി അഗ്രഹാരം റോഡ്, ദ്വിതീയം ഫോറം-6 പ്രകാരം റോഡിന്റെ | 132.02* 5=660.1 | 66 | 595 +30 |

| | | | | | | |
|---|---|---|---|---|---|---|
| | | | വീതി- 2.5 മീ | | | |
| 2 | സജിത്ത് .കെ, വാർഡ്-4 | 167.33 M2 | വാരിയം പറമ്പ് റോഡ്,ദ്വിതീയം ഫോറം-6 പ്രകാരം റോഡിന്റെ വീതി- 2.5 മീ | 167.883*5=839.15 | 83.9 | 756+38 |

ഇപ്രകാരം അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച ഫോം 6 പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിട ഉടമകൾക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ 10 % ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണം കാണുക.

| ക്രമ നമ്പർ | ഉടമ | തറ വിസ്തീർണ്ണം | റോഡിന്റെ പേര് | അടിസ്ഥാന വസ്തു നികുതി | അനുവദിച്ച ഇളവ് 10% | ഈടാക്കിയ വസ്തു നികുതി+ ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|
| 1 | ഷഹീർ എ എസ് വാർഡ്-4 | 94.55m2 | പേഴുംകര-വാരിയം പറമ്പ് റോഡ് ഫോറം-6 പ്രകാരം റോഡിന്റെ വീതി- 5.8 മീ | 94.55*5=472.75 | 47.375ഇളവ് 10% 20% വർദ്ധനവ് 94.55 | 521+27 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാകുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പുതിയ കെട്ടിട നമ്പർ നൽകിയതിന്റെ ഫോറം6 പുന:പരിശോധിച്ച് വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് .

1-15 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/25-02-23) ലഭ്യമാക്കിയ മറുപടിയിൽ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്കുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ആരും ഹാജരാക്കിയിട്ടില്ലായെന്നും റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കിയത് -സംയുക്ത പരിശോധന നടത്തേണ്ടതാണ്.

എ) കുടിശ്ശിക തുക വൻതോതിൽ വർദ്ധിക്കുന്നു

ജല അതോറിറ്റി പരിപാലിക്കുന്നതും പിരായിരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതുമായ 349 പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിവർഷം 1924032 രൂപ (160336*12) അടവാക്കേണ്ടിവരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് 160336 രൂപ വീതം പ്രതിമാസം വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ പാലക്കാട്

ഓഫീസിൽ ഒടുക്കി വരുന്നുണ്ട്. വർഷാരംഭത്തിലേയും അവസാനത്തിലേയും കുടിശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഏപ്രിൽ 2021 | മാർച്ച് 2022 |
|---|---|---|
| ഡിമാന്റ് നോട്ടീസ് | 50675/12.04.21 | 61180/07.03.22 |
| മുന്നിരിപ്പ് | 8012885 | 10275689 |
| പിഴ | 157175 | 201560 |
| തൻമാസ ഡിമാന്റ് | 160336 | 160336 |
| ആകെ | 8330396 | 10637585 |

മാർച്ച് 2022 ൽ കുടിശ്ശിക 10275689 രൂപയും ഫൈൻ 201560 രൂപയുമായി ഉയർന്നിട്ടുണ്ട്. പ്രതിമാസ ഡിമാന്റ് തുക 160336 രൂപ വീതം കൃത്യമായി അടവാക്കിയിട്ടും കുടിശ്ശിക തുക ഉയർന്നത് വ്യക്തമാക്കേണ്ടതാണ്. നാളിതുവരെ കുടിശ്ശിക ഒടുക്കാതിരുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണ്.കുടിശ്ശിക തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

ബി)സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.08/27.02.2023) ജല അതോറിറ്റിയുടെ ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ കുടിശ്ശിക 5774789 രൂപയായി പുനർനിർണയിച്ചു തന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 176/23 പ്രോജക്ട് പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെന്നും, ആയത് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.10.11.2021 ലെ 17(1) നം.തീരുമാന പ്രകാരം സംയുക്ത പരിശോധനയ്ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും വാട്ടർ അതോറിറ്റി നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ജല അതോറിറ്റിയുമായി അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതാണ്.

* പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കേണ്ടതാണ്.

* ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് തുക നൽകുന്നതെന്ന് ഉറപ്പുവരുത്ത്ണ്ടതാണ്.

* കുടിശിക തുക ക്രമീകരിക്കേണ്ടതാണ്.

* പരമാവധി ഗാർഹിക/വ്യക്തിഗത കണക്ഷൻ നൽകി പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

1-17 ആയുർവ്വേദ ആശുപത്രി -ദൈനംദിന ചെലവുകൾക്ക് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

2021-22സാമ്പത്തിക വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി "ആയുർവേദ ആശുപത്രിക്ക് ദൈനംദിന ചെലവുകൾ" എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്നമ്പർ/ പേര് | ആയുർവേദ ആശുപത്രിക്ക് ദൈനംദിന ചെലവുകൾ<br>65/2022 |
| അടങ്കൽ | 50000 -തനത് ഫണ്ട് |
| ചെലവ് | 26930- തനതു ഫണ്ട് (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| | 50000/- ആയുർവേദ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ബില്ലുകൾ പ്രകാരം |
| നിർവ്വഹണം | ആയുർവേദ മെഡിക്കൽ ഓഫീസർ |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 26930/- രൂപയാണ് പ്രസ്തുത പ്രോജക്ടിന് ചെലവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ 50000/- രൂപ "ആയുർവേദ ആശുപത്രിക്ക് ദൈനംദിന ചെലവുകൾ" എന്ന പ്രോജക്ടിന്ചെലവഴിച്ചിട്ടുണ്ട്.

ചെലവ് പത്രികയിലെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/23.02.2023) സാങ്കേതിക തകരാർ ആണെന്നാണ് മറുപടി നൽകിയത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രോജക്ടുകളുമായി ബന്ധപ്പെട്ട എല്ലാ വരവ് ചെലവ് കണക്കുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിലും, പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-18 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല

ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട്നമ്പർ / പേര് | 20 /2021-22<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 300000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 300000/- |
| ബിൽ നം. തിയ്യതി | 1/ 2021-22 Dated 08.12.2021<br>300000/-രൂപ. |

300000/-രൂപ. രൂപ ഹോംകോയ്ക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| LF 2877 / 31.03.2022 | 96843/- |
| LF- 883/ 29.10.2022 | 54666/- |
| ആകെ | 1,51,509/- |

1,48,491/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 15/28.02.2023) മറുപടി ലഭ്യമാക്കിയില്ല.

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല

ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ / ബത്ത നൽകി പഠനസാധ്യതകൾ ഉണ്ടാക്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. 80 ഭിന്നശേഷി വിദ്യാർത്ഥികൾക്കാണ് ഈ പ്രോജക്ടിൽ നിന്നും സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0066/22 (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1400000/- (വികസന ഫണ്ട്-1000000/- , ബ്ലോക്ക് വിഹിതം-100000/-, ജില്ലാ പഞ്ചായത്ത് വിഹിതം- 300000/-) |
| ചെലവ് | 1229500/- (വികസന ഫണ്ട്-953500/- , ബ്ലോക്ക് വിഹിതം-100000/-,ജില്ലാ പഞ്ചായത്ത് വിഹിതം 176000/-) |
| ബിൽ നമ്പർ/തീയതി | 1) 10/2021-22/23.01.2022 തുക. 176000/-<br>2) 05/2021-22/23.12.2021 തുക. 175500/-<br>3) 06/2021-22/23.12.2021 തുക . 100000/-<br>4)11/2021-22/23.01.2022 തുക. 24000/-<br>5) 09/2021-22/23.01.2022 തുക.578000/-<br>6) 07/2021-22/23.12.2021തുക.119200/-<br>7) 08/2021-22/23.12.2021 തുക.56800/- |

സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018 , സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500/- രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ മേൽപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകിയിട്ടില്ല. ഉദാഹരണം താഴെചേർക്കുന്നു.

| പേര്, മേൽവിലാസം | നൽകിയ തുക | അർഹമായ തുക |
|---|---|---|
| ആയിഷ ഫിദD/o അക്ബർ ഷരീഫ് ,പോടിപ്പാറ,കല്ലേക്കാട്. | 19500 | 28500 |
| ഗൗതം.ജി S/o ഗുരുവായൂരപ്പൻ, പറയംപറമ്പ്,കല്ലേക്കാട്. | 19500 | 28500 |
| ശരത് S/oബിന്ദു കുന്നംകുളങ്ങര,പിരായിരി. | 19500 | 28500 |
| പ്രിമീഷ്.പി S/oപത്മനാഭൻ അണ്ഡലംകാട്,കോട്ടുന്തിരിപ്പുള്ളി | 19500 | 28500 |
| ഹരിത.ബി D/o ലത കരിക്കാട്ട് പറമ്പ്,കൊടുന്തിരിപ്പുള്ളി | 19500 | 28500 |

കൂടാതെ സ.ഉ (സാധാ) നം. 181/2020/ത.സ്വ.ഭ.വ23.01.20 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധനസഹായങ്ങളുടെ ഗുണഭോക്താക്കളിൽ, മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ എന്നതിൽ സെറിബ്രൽ പാൾസി വിഭാഗത്തിലുൾപ്പെടുന്നവരെ കൂടെ പ്രത്യേകമായി ചേർത്ത് ഉത്തരവായിട്ടുള്ളതാണ്.

170500/- രൂപ ടി പ്രോജക്ടിൽ അവശേഷിച്ചിട്ടും അർഹരായവർക്ക് മുഴുവൻ തുകയും നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/01.03.2023) മറുപടി ലഭിച്ചിട്ടില്ല. അർഹരായവർക്ക്

മുഴുവൻ തുകയും നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-20 ഹോമിയോ ആശുപത്രി -ദൈനംദിന ചിലവുകൾക്ക് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

2021-22സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി "ഹോമിയോ ആശുപത്രിക്ക് ദൈനംദിന ചെലവുകൾ" എന്ന പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 143/2022<br>ഹോമിയോ ആശുപത്രിക്ക് ദൈനംദിന ചിലവുകൾ |
| അടങ്കൽ | 50000/- തനതു ഫണ്ട് |
| ചെലവ് | 34180/- തനതു ഫണ്ട് (ചെലവ് പത്രിക പ്രകാരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹോമിയോ മെഡിക്കൽ ഓഫീസർ |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 34180/- രൂപയാണ് "ഹോമിയോ ആശുപത്രിക്ക് ദൈനംദിന ചെലവുകൾ" എന്ന പ്രോജക്ടിന് ചെലവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഹോമിയോ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ 50000/- രൂപ പ്രസ്തുത പ്രോജക്ടിന്ചെലവഴിച്ചിട്ടുണ്ട്.യഥാർത്ഥ ചെലവ്, ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 16/28.02.2023) മറുപടി ലഭ്യമാക്കിയില്ല.ഇത് ശരിയായ പ്രവണതയല്ല.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും ചിലവ് വിവരം കൃത്യമായി ചെലവ് പത്രികയിൽ പ്രതിഫലിക്കേണ്ടതാണ്.

### 1-21 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

2021-2022സാമ്പത്തികവർഷത്തിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി അമ്മു ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കൊടുന്തിരപ്പുള്ളി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് എന്നിവ വാങ്ങിയിട്ടുണ്ട്. ജി.എസ്.ടി/ടി.ഡി.എസ് കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്റ്റ് നം. | 61/2021-22 , 75/2021-22 & 426/2021-22 |
| പ്രൊജക്റ്റ് | അനുപൂരക പോഷകാഹാരം General & SC |
| അടങ്കൽ | ജനറൽ<br>3500000/- (വികസന ഫണ്ട് -2000000/-+ കേന്ദ്രാവിഷ്കൃത ഫണ്ട് - 1500000/-)<br>ജനറൽ (തുടർച്ച)<br>430000/- (വികസന ഫണ്ട് -430000/-)<br>എസ്.സി<br>300000/- ( വികസന ഫണ്ട്-200000/-+കേന്ദ്രാവിഷ്കൃത ഫണ്ട്-100000/-) |
| ചെലവ് | ജനറൽ<br>3095443/- (വികസന ഫണ്ട്-1696625/- +കേന്ദ്രാവിഷ്കൃത ഫണ്ട് - 1398818/-)<br>ജനറൽ (തുടർച്ച)<br>430000/- (വികസന ഫണ്ട് -430000/-) |

| | |
|---|---|
| | എസ്.സി<br>187199/- ( വികസന ഫണ്ട്- 187199/-) |

അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് എന്നിവ യ്ക്ക് തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 007/ 08.04.2021 | 156030.00 |
| 2 | 009/ 08.04.2021 | 27028.00 |
| 3 | 008/ 08.04.2021 | 23142.00 |
| 4 | 064/ 18.05.2021 | 153615.00 |
| 5 | 065/ 18.05.2021 | 21924.00 |
| 6 | 066/ 18.05.2021 | 24476.00 |
| 7 | 106/ 14.06.2021 | 147630.00 |
| 8 | 104/ 14.06.2021 | 27376.00 |
| 9 | 105/ 14.06.2021 | 20706.00 |
| 10 | 438/ 01.03.2021 | 182525.00 |
| 11 | 440/ 01.03.2021 | 28652.00 |
| 12 | 439/ 01.03.2021 | 24012.00 |
| 13 | 400/ 01.02.2021 | 157290.00 |
| 14 | 127/07.07.2021 | 173460.00 |
| 15 | 129/07.07.2021 | 25520.00 |
| 16 | 128/07.07.2021 | 21054.00 |
| 17 | 173/ 07.08.2021 | 28072.00 |
| 18 | 172/ 07.08.2021 | 21402.00 |
| 19 | 171/07.08.2021 | 173460.00 |
| 20 | 397/ 02.02.2022 | 150150.00 |
| 21 | 313/01.12.2021 | 175175.00 |
| 22 | 291/11.11.2021 | 153930.00 |
| 23 | 357/ 03.01.2022 | 175420.00 |
| 24 | 245/04.10.2021 | 179585.00 |
| | ആകെ | 2271634.00 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർനം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2.5ലക്ഷത്തിനു മുകളിൽ വാങ്ങൽ വരുന്ന മേൽപദ്ധതികളിൽ ജി എസ് ടി ഒഴികെയുള്ള തുകയിൽ നിന്നും 2% ടി.ഡി. എസ് ഈടാക്കാതെയാണ് സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4/24.02.2023) ലഭ്യമാക്കിയ മറുപടിയിൽ ഇതിനെപ്പറ്റി വ്യക്തതയില്ലാത്തതുകൊണ്ടാണ് തെറ്റ് സംഭവിച്ചതെന്നും ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

1-22 വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ - ടി.ഡി.എസ് ഈടാക്കിയിട്ടില്ല

2021-22 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ "പട്ടിക ജാതി ഹൈസ്കൂൾ വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ" എന്ന പ്രൊജക്റ്റ് പ്രകാരം KADCOയിൽ (Kerala Artisans' Development Corporation Ltd.) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം / പേര് | 213/22 , 214/22പട്ടിക ജാതി ഹൈസ്കൂൾ വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | എസ്.സി<br>310000/- (310000/-വികസന ഫണ്ട്)<br>455000/-(453720/- വികസനഫണ്ട്+1280 /- തനത് ഫണ്ട്) |
| ചെലവ് | 310000/- ( 310000/-വികസന ഫണ്ട്)<br>383610/- ( 383610/- വികസനഫണ്ട്) |
| ബിൽ നം / തീയതി | 02/2021-22/31.03.2022<br>03/2021-22/31.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ |

139 വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ (ഹാർഡ് വുഡ് സ്റ്റഡി ടേബിൾ & ചെയർ ) വാങ്ങി നൽകുന്നതിനായി KADCO എന്ന സ്ഥാപനത്തിന് പണം നൽകിയ വേളയിൽ 2% ജി.എസ്.ടി / ടി.ഡി.എസ് ബില്ലിൽ നിന്നും കുറവുവരുത്താതെ തുക പൂർണ്ണമായും പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ : 2942201000280) ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്.

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടിഡിഎസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡിഡിഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ ടി ഡി എസ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ വാങ്ങലിന് പണം നൽകിയ വേളയിൽ 2% ജി.എസ്.ടി-ടി.ഡി.എസ് നടത്താതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത്

ക്രമപ്രകാരമല്ല. ആയതിന് ഓഡിറ്റിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 5/25.02.2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്ത് മാത്രം ബിൽ തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കൃഷി ഓഫീസർ - ഗുണഭോക്തൃവിഹിതം നൽകിയത് -ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ കർഷകർക്ക് നെൽവിത്ത് വിതരണം എന്ന പ്രൊജക്ടിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.പ്രൊജക്ടിന്റെ വിഭവ സ്രോതസ് കണക്കാക്കിയതിൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത് . ഗുണഭോക്താക്കൾ നേരിട്ട് പഞ്ചായത്തിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം നെൽവിത്ത് വിതരണം ചെയ്ത നാഷണൽ സീഡ്സ് കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികകളിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രോജക്ട്</td><td>85/22 - നെൽവിത്ത് വിതരണം (ജനറൽ)</td></tr>
<tr><td rowspan="3">അടങ്കൽ</td><td>488430/- വികസന ഫണ്ട് (ജനറൽ)</td></tr>
<tr><td>48430/- ഗുണഭോക്തൃ വിഹിതം</td></tr>
<tr><td>ആകെ - 976860/-</td></tr>
<tr><td>ചെലവ്</td><td>488430/- വികസന ഫണ്ട്(ജനറൽ)<br>48430/- ഗുണഭോക്തൃ വിഹിതം<br>(22100684/23.11.2021-ചെക്ക് : 5994294/23.11.2021)</td></tr>
</table>

ഗുണഭോക്തൃ വിഹിതമായി 48430/- രൂപ ചെലവഴിച്ചത് സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/28.02.2023)സാങ്കേതിക പ്രശ്നം മൂലമെന്നാണ് മറുപടി ലഭ്യമാക്കിയത്. ഗുണഭോക്തൃവിഹിതം നൽകുന്നതിന്റെ സാംഖ്യ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ ചെക്ക് നമ്പർ വെബ് സാംഖ്യയിൽ രേഖപ്പെടുത്താത്തതുമൂലമാണ് അപാകത സംഭവിച്ചത്

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രോജക്ടുകളുമായി ബന്ധപ്പെട്ട എല്ലാ വരവ് ചെലവ് കണക്കുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിലും, പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

* ഐ.കെ.എം ആയി ബന്ധപ്പെട്ട് പ്രസ്തുത ചെലവ് 2020-21 വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി ലഭ്യമാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ നിവാസികളും പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ ക്ഷീര കർഷകർക്കും പാൽ ഉല്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നില്ല. ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാൽ സൊസൈറ്റികളിൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുന്നവരുടെ ലിസ്റ്റ് എടുക്കുകയും ആയത് ഗ്രാമസഭകളിൽ വച്ച് അംഗീകാരം വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കുന്ന രീതിയാണ് ഇവിടെ അവലംബിച്ച് വരുന്നത്. എന്നാൽ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുവാൻ കഴിയാത്ത ഒരു വിഭാഗം ചെറുകിട ക്ഷീരകർഷകർക്ക് സബ്സിഡി ലഭ്യമാകാതെ വരുന്നു. സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ളവർക്ക് വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം പ്രകാരം സബ്സിഡിക്ക് നല്കാമെന്ന് നിഷ്കർഷിക്കുന്നു. സർക്കാർ

ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയ്യതി 14-2-2018 മാർഗ്ഗരേഖ. ഖ.6.2.8, കൂടാതെ സ.ഉ. 549/2019/തസ്വഭവ തീയ്യതി. 7-3-2019 എന്നിവ കാണുക. മേല്പ്പറഞ്ഞ ഉത്തരവ് പ്രകാരം ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുവാൻ കഴിയാത്തവർക്ക് ഒരു ലിറ്റർ പാലിന് 4/-രൂപാ നിരക്കിൽ പരമാവധി 15000/-രൂപാ വരെ വെറ്ററിനറിസർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 23/28.02.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-25 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക്പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രൊജക്ട് നം / പേര് | 89/2022 ക്ഷീരകർഷകർക്ക്പാലിന് സബ്സിഡി |
| അടങ്കൽ | 200000/-വികസനഫണ്ട് ജനറൽ<br>275000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>200000/- ജില്ല പഞ്ചായത്ത് വിഹിതം<br>ആകെ - 675000/- |
| ചെലവ് | 200000/-വികസനഫണ്ട് ജനറൽ<br>275000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>200000/- ജില്ല പഞ്ചായത്ത് വിഹിതം<br>ആകെ - 675000/- |
| ബിൽ നമ്പർ/തീയതി | 03/2021-22 / 12.11.2021 - 200000/-<br>04/2021-22 / 12.11.2021 - 275000/-<br>05/2021-22 / 12.11.2021- 200000/- |

പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോത്പാദക സഹകരണ സംഘത്തിലെ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി പ്രോജക്ട് പ്രകാരം ആകെ 675000/-രൂപ ചെലവഴിച്ചിട്ടുണ്ട്. കർഷകർക്ക് പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് പരമാവധി 4 രൂപ തോതിൽ (ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ) 2021 ഏപ്രിൽ മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ല പഞ്ചായത്ത് വിഹിതവും ഉൾപ്പെടെയുള്ള 675000/-രൂപ ഉപയോഗിച്ച് ലിറ്ററൊന്നിന് യഥാക്രമം 3/- രൂപ തോതിൽ 2021 ഏപ്രിൽ മാസം മുതൽ 2021സപ്തംബർ മാസം വരെയുള്ള 6 മാസങ്ങളിലെ ഇൻസെന്റീവ് നൽകാൻ മാത്രമാണ് കഴിഞ്ഞിരിക്കുന്നത്.

സ.ഉ ( കൈ) 22/18 ത.സ്വ.ഭ.വ തീയ്യതി 14.2.2018 പ്രകാരമുള്ള പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് ഇൻസെന്റീവ് നൽകാവുന്നതാണ്. എന്നാൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായി പരമാവധി നിരക്കിൽ പാലളവിന് ഇൻസെന്റീവ് നൽകുവാൻ സാധിച്ചിട്ടില്ല. പ്രൊജക്ടിന് സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 21/28.02.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-26 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു

സർക്കാർ ഉത്തരവ് (സാധാ.)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച

മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന പൂട്ടൂർ,അണിക്കോട് കുടിവെള്ള പദ്ധതികൾ ഇപ്പോഴും ഗുണഭോക്തൃ സമിതികൾക്ക് കൈമാറാതെ തുടരുന്നുണ്ട്. പൂട്ടൂർ കുടിവെള്ള പദ്ധതിയുടെ പമ്പ് ഓപ്പറേറ്ററായി ശ്രീ കിരൺ.യു എന്നയാളെ പ്രതിദിനം 700 രൂപ നിരക്കിൽ ദിവസവേതനത്തിൽ നിയമിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ 2021-22 വർഷത്തെ വരവ് -ചെലവിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് (വാർഷിക കണക്ക് പ്രകാരം)( RP- 43) | |
|---|---|
| തൻവർഷം | 4690 |
| കുടിശിക | 3050 |
| ആകെ | 7740 |
| ചെലവ് | |
| വൈദ്യുതി ചാർജ് (RP-13) | 187690 |
| മൈനർ അറ്റകുറ്റപണി (തനതു ഫണ്ട് ) (RP-13) | 70425 |
| പമ്പ് ഓപ്പറേറ്റർ വേതനം (21000*12) | 252000 |
| ആകെ ചെലവ് | 510115 |
| നീക്കിയിരുപ്പ് (B-15) | 12730 |

കൂടാതെ തൻവർഷത്തിൽ പ്രോജക്ടുകൾ മുഖാന്തിരം ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് | തുക |
|---|---|---|
| 1 | 332/22 തുമ്പക്കാട് പൈപ്പ് ലൈൻ നീട്ടൽ | 199081 |
| 2 | 197/22 മാപ്പിളക്കാട് കുടിവെള്ള പദ്ധതി അറ്റകുറ്റപണി | 391993 |
| 3 | 194/22 ചൈത്ര നഗർ കുടിവെള്ളപദ്ധതി മോട്ടോർ സ്ഥാപിക്കൽ | 448531 |
| 4 | 287/22 പൂട്ടൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ അറ്റകുറ്റപണി | 299929 |
| 5 | 185/22 വിവിധ പ്രദേശങ്ങളിൽ കിണർ പുനരുദ്ധാരണം | 336517 |
| 6 | 181/22 പൂട്ടൂർ കുടിവെള്ള പദ്ധതി (പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ) | 23750 |
| 7 | ആകെ | 1699801 |

കുടിവെള്ള പദ്ധതികൾ വരവ് ചെലവുകൾ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി തീരുന്ന സാഹചര്യമുണ്ടാക്കുന്നു. നാളിതുവരെയായി വെള്ളക്കരം നിരക്ക് പരിഷ്കരിക്കാത്തതിനും, കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും, സമയ ബന്ധിതമായി തുക പിരിച്ചെടുക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.18/28.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് -സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ നടത്തേണ്ടതാണ്.

2.പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

3.വെള്ളക്കരം നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതാണ്.

4. വരവിന് ആനുപാതികമായി ചെലവുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2021-22വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി, മേലാമുറി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപ്പിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി | 121/22 വലിയമ്മക്കാവ് എസ്,സി കോളനി പോസ്റ്റിട്ട് ലൈൻ വലിക്കൽ (വികസന ഫണ്ട്-എസ്.സി.പി) | 35/22 തീ.22.02.22 | 118191 രൂപ |
| | 118/22 വിവിധ വാർഡുകളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ (തനതു ഫണ്ട്) | 22101093/10.03.22<br>22101159/29.03.22 | 94400<br>300000 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് മേലാമുറി | 172/22 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവു വിളക്കിന് ലൈൻ വലിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 38/22 തീ.22.02.22<br>48/22 തീ.31.03.22 | 41300<br>133338 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി | 176/22 വിവിധ വാർഡുകളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ (തനതു ഫണ്ട്) | 22101094/14.03.22<br>22101158/29.03.22 | 42250<br>48298 |
| | | ആകെ | 777777 |

സ.ഉ (കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2.(3) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല. മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/27.02.2023)കരാർ ചമയ്ക്കാതിരുന്നത് ശ്രദ്ധക്കുറവു കൊണ്ട് സംഭവിച്ചതാണെന്നും, ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി, മേലാമുറി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് കത്ത്

നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുമാത്രം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകേണ്ടതാണ്.

## 1-28 ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജ് രണ്ടുപ്രാവശ്യം അടവാക്കി

പിരായിരി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ (കൺസ്യൂമർ നം. 1165191010221) 05/2021 ലെ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി മേലാമുറി ഇലക്ട്രിക്കൽ സെക്ഷനിൽ രണ്ടു പ്രവശ്യം അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തുക | മാസം | ബിൽ നം .തീയതി | ചെക്ക് നം.തീയതി |
|---|---|---|---|---|---|
| 1 | 22100124/06.05.21 | 5474* | 05/21 | 6519210500111/03.05.21 | 5994246/06.05.21 |
| 2 | 22100398/13.08.21 | 18988 | 05/21<br>06/21<br>07/21 | 6519210800125/02.08.21 | 5994269/13.08.21 |

* കെ.എസ്.ഇ.ബി ബിൽ തുക 5479 രൂപയാണ് എന്നാൽ ഗ്രാമപഞ്ചായത്ത് ഒടുക്കിയത് 5474 രൂപയാണ്

കെ.എസ്.ഇ.ബി മേലാമുറി ഇലക്ട്രിക്കൽ സെക്ഷന്റെ 02.06.21 ലെ 6519210600113 പ്രകാരമുള്ള ബില്ലിൽ 06/21 ലെ വൈദ്യുതി ചാർജ്ജ് 6664 രൂപയും 05/21 ലെ കുടിശിക 5479 രൂപ ഉൾപ്പെടെ 12143 രൂപ അടവാക്കുന്നതിന് ആവശ്യപ്പെടുകയും ചെക്ക് നം.221936/23.06.2021 പ്രകാരം 12143 രൂപ (വൗച്ചർ നമ്പർ 22100238/23.06.21) നൽകിയെങ്കിലും ചെക്ക് സാങ്കേതിക കാരണങ്ങളാൽ റിജക്ട് ആയതിനാൽ തുക അടവാക്കിയിട്ടില്ല. 08/21 ൽ നൽകിയ ബില്ലിൽ 05/21, 06/21 മാസങ്ങളിലെ കുടിശിക 12143 രൂപയും 07/21 ലെ വൈദ്യുതി ചാർജ്ജും ചേർത്ത് 18988 രൂപ അടവാക്കാൻ ആവശ്യപ്പെടുകയും, ആയത് ഗ്രാമപഞ്ചായത്ത് ഒടുക്കുകയും ചെയ്തിട്ടുണ്ട്. 05/21 ലെ തുക വൌച്ചർ നം. 22100124/06.05.21 പ്രകാരം 5474 രൂപ അടവാക്കിയിട്ടുള്ളതിനാൽ വീണ്ടും ഒടുക്കിയത് അംഗീകരിക്കുന്നില്ല. ആയതിന് വിശദികരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/27.02.2023) 05/2021 ലെ വൈദ്യുതി ചാർജ്ജ് വീണ്ടും നൽകിയത് വൈദ്യുതി ചാർജ്ജിനത്തിൽ മുൻകൂർ തുകയായി കണക്കാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.മേലാമുറി ഇലക്ട്രിക്കൽ സെക്ഷന് കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരവ് കാണിക്കുന്ന കത്ത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നതുവരെ ചെലവ് തുക 5474 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* വൈദ്യുതി ചാർജ്ജ് അടവാക്കിയതിന് യഥാസമയം രസീതി വാങ്ങിക്കേണ്ടതാണ്.

## 1-29 തെരുവു വിളക്ക് റിപ്പയർ - ചെലവിനാസ്പദമായ അനുബന്ധ രേഖകൾ ഇല്ല

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഭൂരിഭാഗം തെരുവു വിളക്കുകളും കത്തുന്നില്ല എന്ന് പൊതുജനങ്ങളിൽനിന്നും വന്ന പരാതികളുടെ അടിസ്ഥാനത്തിൽ മെമ്പർമാർ സ്വന്തം ചെലവിൽ 6000 രൂപ മുതൽ 7000 രൂപ വരെ തുക ചെലവാക്കി ലൈറ്റുകൾ കത്തിച്ചിട്ടുണ്ടെന്നും ആയത് തിരികെ നൽകണമെന്ന മെമ്പർമാരുടെ ആവശ്യം 16.04.2021 ലെ ഭരണസമിതി യോഗം ചർച്ച ചെയ്യുകയും പ്രോജക്ട് ഇല്ലാതെ വലിയ തുക നൽകുന്നതിന് സാങ്കേതിക തടസം ഉള്ളതായി സെക്രട്ടറി അറിയിക്കുകയും ചെയ്തിട്ടുണ്ട്. തെരുവു വിളക്കുകൾ റിപ്പയർ

ചെയ്ത സാഹചര്യത്തിൽ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന മുറയ്ക്ക് ഓരോ വർഡിലും പരമാവധി 3000 രൂപ വീതം നൽകുന്നതിന് 16.04.2021 ലെ 8(28) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 69000 രൂപ മെമ്പർമാർക്ക് തുക നൽകിയിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ റിപ്പയറിംഗ്, മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രകാരം സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) 3055/ഡി.എ 3/2011/ത.സ്വ.ഭ.വ,തീയതി 15.09.2011

2)269/ഡി.എ 3/2018/ത.സ്വ.ഭ.വ,തീയതി 29.05.2018

3)പഞ്ചായത്ത് ഡയറക്ടറുടെ ജി2/44274/2015 തീയതി 17.08.2015

പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവ്യത്തി നിർവ്വഹിച്ചിരിക്കുന്നത്.

പ്രവ്യത്തി നിർവ്വഹിച്ചതായി മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഉള്ളത്. തൊഴിലാളുകളുടെ മസ്റ്റർ റോൾ, വേതനം കൈപ്പറ്റിയതിന്റെ വിവരങ്ങൾ, സാധനങ്ങളുടെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10/27.02.2023) തെരുവ് വിളക്ക് പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഭൂരിഭാഗം തെരുവു വിളക്കുകളും കത്തുന്നില്ല എന്ന് പൊതുജനങ്ങളിൽനിന്നും വന്ന പരാതികളുടെ അടിസ്ഥാനത്തിൽ, തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടങ്ങൾ നിലവിലുള്ളതിനാൽ ടെണ്ടർ നടപടിക്രമങ്ങൾക്ക് നിയന്ത്രണമുള്ളതിനാലാണ്, നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതെന്നും ഭാവിയിൽ ആവർത്തിക്കുകയില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

### 1-30 ആംബുലൻസ് ഉപയോഗിക്കുന്നതിന് രണ്ട് ഡ്രൈവർമാരെ നിയമിച്ച് വേതനം നൽകി

ബഹു പാലക്കാട് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്നും പിരായിരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ആംബുലൻസ് ഉപയോഗിക്കുന്നതിന് 14.05.2021 ലെ 10(1ം നം ഭരണസമിതി തീരുമാന പ്രകാരം 13.05.2021 പ്രബല്യത്തിൽ ശ്രീ.ഷെഫീക്ക് S/oസാദിക്ക്ബാഷ കളത്തിൽ ഹൗസ് പാളയം, കല്ലേക്കാട് എന്നയാളെയും 28.05.2021 ലെ 7(1) നം തീരുമാന പ്രകാരം ശ്രീ കിരൺ.കെ S/oകുമാരൻ ഓരാച്ചിക്കളം അണ്ടലംകാട് ഹൗസ് കൊടുന്തിരപ്പുള്ളി എന്നയാളെയും പ്രതിദിനം 730 രൂപ വേതനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 05/21 മുതൽ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. 09/2021 മുതൽ മാസത്തിൽ പകുതി ദിവസം ഒരാളും (01 മുതൽ 15 വരെ) ബാക്കി ദിവസങ്ങളിൽ രണ്ടാമത്തെ ഡ്രൈവറും പ്രവ്യത്തിയെടുക്കുകയും ആയതിന് ആനുപാതികമായ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. 13.05.2021 മുതൽ 18.05.2021 വരെ പ്രവ്യത്തിയെടുത്തതിന് ശ്രീ ഷെഫീക്കിന് പ്രതിദിനം 1460 രൂപ (730*2) നൽകിയിട്ടുണ്ട്. 05/2021 മുതൽ 08/2021 വരെ ഒരു വാഹനത്തിന് ഒരേസമയം രണ്ട് ഡ്രൈവർമാർക്ക് വേതനം നൽകിയത് അംഗീകരിക്കുന്നില്ല. തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 22100167 /03.06.21 | 27740 | 19*730 = 13870 | 13870 | ഷെഫീക്ക് 13.05.21 മുതൽ 25*730 = 18250<br>കിരൺ 19.05.21 മുതൽ 13*730 = 9490 |
| 2 | 22100259 /01.07.21 | 21900 | 21900 | 21900 | ഷെഫീക്ക് 06/21 ലെ വേതനം |
| 3 | 22100260 /01.07.21 | 21900 | | | കിരൺ 06/21 ലെ വേതനം |

| | | | | | |
|---|---|---|---|---|---|
| 4 | 22100351 /02.08.21 | 22630 | 22630 | 22630 | ഷെഫീക്ക് 07/21 ലെ വേതനം |
| 5 | 22100352 /02.08.21 | 22630 | | | കിരൺ 07/21 ലെ വേതനം |
| 6 | 22100436 /01.09.21 | 21880 | 21800 | 21800 | ഷെഫീക്ക് 08/21 ലെ വേതനം |
| 7 | 22100437 /01.09.21 | 21880 | | | കിരൺ 08/21 ലെ വേതനം |
| | ആകെ | 160560 | 80280 | 80280 | |

ഒരേസമയം രണ്ട് ഡ്രൈവർമാർക്ക് വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/27.02.2023) കോവിഡ് 19 വ്യാപകമായ പശ്ചാത്തലത്തിൽ ഓരോ ഡ്രൈവർമാർക്കും 12 മണിക്കൂർ വീതം ഡ്യൂട്ടി ചെയ്യുന്നതിന് പ്രതിദിനം 730 രൂപ വീതം വേതനം നൽകുന്നതിനും ആയതിന്റെ ചെലവ് തനതു ഫണ്ടിൽനിന്നും നൽകുന്നതിന് 14.05.2021 ലെ 10(1) നം.ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ദിവസ വേതനക്കാരുടെ വേതനം നൽകുന്നതിനുള്ള സ.ഉ(പി)നം.29/2021/ധന.തീയതി 11.02.2021 പ്രകാരമുള്ള ഉത്തരവിലെ അനക്സർ ലെ കാറ്റഗറി Ii പ്രകാരം ഡ്രൈവർമാർക്ക് പ്രതിദിനം 730 രൂപ നൽകാമെങ്കിലും ഒരുമാസത്തിൽ പരമാവധി 19710 രൂപയിൽ അധികം നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിധിയിൽ അധികം തുക വേതനം ആയി നൽകിയിട്ടുണ്ട്. അധികം നൽകിയ 80280 രൂപ മതിയായ വിശദീകരണം ലഭിക്കുന്ന വരെ തടസപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിൽ മാത്രം വേതനം നൽകേണ്ടതാണ്.

1-31 ലൈഫ് ഭവന പദ്ധതി ( ജനറൽ)- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (ജനറൽ) പ്രകാരം ആകെ 12620000 -രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| പ്രൊജക്റ്റ് നമ്പർ - 123 | അടങ്കൽ | ചെലവ് |
|---|---|---|
| ലൈഫ് ഭവന പദ്ധതി (GEN | 60501800 | 12620000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബിൽ നമ്പർ 15/22, 02-11-21 |

1. സർക്കാർ ഉത്തരവ് (കൈ) 34/2018/ ത.സ്വ.ഭ.വ28.9.2016 ലൈഫ് മിഷൻ കരാർ പത്രിക ക്രമ നമ്പർ 5 പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിച്ച ഭവനം 12 വർഷത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ കൈമാറ്റം ചെയ്യരുതെന്ന നിബന്ധന കരാർ ചമക്കാതെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

2) മാത്രമല്ല ഓരോ ഗഡുക്കൾ നൽകുമ്പോഴും മുൻപ് നൽകിയ തുകയുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടുകയും നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് ഫീൽഡ് പരിശോധന നടത്തി വീട് പണിയുടെ പുരോഗതി ഉറപ്പാക്കിയതിനു ശേഷം മാത്രമെ അടുത്ത ഗഡു അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം

നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | തങ്കം | 1443108017575 | 40000 |
| 2 | ജയ | 1443101016996 | 40000 |
| 3 | നസീമ | 6140351998 | 40000 |
| 4 | സഫിയ കെ എം | 44522200057168 | 40000 |
| 5 | ജോറൻന്നീസ്സ | 007500100016551 | 40000 |
| 6 | കനകലത | 144310101895 | 40000 |
| 7 | നിഷ | 1443101017730 | 40000 |
| 8 | സൈനബ | 1443101017092 | 40000 |
| 9 | ബീയ്യാത്തുമ്മ | 1443108014319 | 40000 |
| 10 | ബെനസീറ | 6277196505 | 40000 |
| 11 | സരസു | 6506346816 | 40000 |
| 12 | ലക്ഷ്മിക്കുട്ടി | 44502200066730 | 40000 |
| 13 | ഷെറീന | 6139019397 | 40000 |
| 14 | സെൽവി | 1443101021811 | 40000 |
| 15 | ഉഷ | 826546382 | 40000 |
| 16 | നൂർജ്ജഹാൻ കെ | 204601011004601 | 40000 |
| 17 | സബിറ | 0811101029207 | 40000 |
| 18 | ഷീജ | 1443101018149 | 40000 |
| 19 | സജീറ | 44522200069632 | 40000 |
| 20 | രതിക | 007503600003244 | 40000 |
| 21 | പ്രജിത | 1443101016080 | 40000 |
| 22 | മറിയ കുഞ്ഞുമൊയ്തീൻ | 6657769395 | 40000 |
| 23 | സുധ | 007500100021519 | 40000 |
| 24 | കുഞ്ച ചന്ദ്രൻ | 007500100028854 | 40000 |
| 25 | ദീപ വി | 1443101002443 | 40000 |
| 26 | കൃഷ്ണകുമാരി കെ | 40696101006162 | 40000 |
| 27 | സുജാത സി | 10233702126 | 40000 |
| 28 | എസ് സുമ്മയ്യ | 961651563 | 40000 |
| 29 | ശോഭന . വൈ | 1443101014188 | 40000 |
| 30 | എം, സജീന | 6594267714 | 40000 |
| 31 | പദ്മ വി | 67336805973 | 40000 |
| 32 | ഭാഗ്യം | 928316455 | 40000 |
| 33 | കദീജ | 1443101019631 | 40000 |
| 34 | എ റഷീദ | 1443101022433 | 40000 |
| 35 | സുമതി വി | 1443101017370 | 40000 |
| 36 | എം എച്ച് ഹസീന | 6146232943 | 40000 |
| 37 | ആമിന | 6124016177 | 40000 |
| 38 | സുധ | 0811101023396 | 40000 |
| 39 | കദീജ | 1443101018672 | 40000 |
| 40 | പ്രമീള | 007504100004372 | 40000 |
| 41 | സുനീറ | 32387499250 | 100000 |
| | | ആകെ | 1700000 |

അനുവദിച്ച എല്ലാ ഗഡുക്കളുടെയും സ്റ്റേജ് സർട്ടിഫിക്കറ്റുകൾ, കരാർപത്രങ്ങൾ അനുബന്ധ രേഖകൾഹാജരാക്കുന്നതു വരെ 1700000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (24/01-03-23) മറുപടിയിൽ ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളിൽ നിന്നും അനുബന്ധരേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-32 ലൈഫ് ഭവനം- സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം-123/22 | അടങ്കൽ- 60501800 |
| ലൈഫ് ഭവനം -Gen | ചെലവ്-12620000 |

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന ലൈഫ് ഭവന നിർമ്മാണം (Gen) പ്രാജക്റ്റ് പ്രകാരം 2021-22 വർഷത്തിൽ വിവിധ ഗഡുകൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുകകൾ | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|
| സുനീറ കെ.കെ , വാർഡ്-21 | 40000, 25-03-21<br>60000,30-10-21<br>100000,2-11-21 | 200000 |
| മാധവി, വാർഡ്-17 | 40000,15-10-20<br>100000,12-08-21,<br>1,60000, 12-08-22 | 1,00000 |
| ഫസീല, വാർഡ്-15 | 40000, 1`5-10-20<br>60000,30-10-21 | 3,00000 |
| ജമീല, വാർഡ്-6 | 40000, 15-10-20<br>1,6000,16-07-21 | 200000 |
| വനിത , വാർഡ്-10 | 40000, 15-10-20<br>1,6000,16-07-21 | 200000 |
| സീനത്ത്, വാർഡ്-21 | 40000, 15-10-20<br>1,6000,16-07-21 | 200000 |
| ഷീബ,വാർഡ്-15 | 40000, 15-10-20<br>1,6000,16-07-21 | 200000 |
| ഗീത, വാർഡ്-14 | 40000, 15-10-20<br>1,6000,16-07-21 | 200000 |
| നസൈബ,വാർഡ്-6 | 40000, 15-10-20<br>1,6000,16-07-21 | 200000 |
| പ്രീത, വാർഡ്-8 | 40000, 15-10-20<br>1,6000,14-05-21 | 200000 |

| | | |
|---|---|---|
| ഉമ്മു കുൽസു, | 40000, 15-10-20<br>1,6000,14-05-21 | 200000 |
| വിമല, വാർഡ്-9 | 40000, 19-12-2019<br>1,6000,14-05-21<br>100000, 23-02-22 | 100000 |
| കദീജ കുഞ്ഞുമൊയ്തീൻ വാർഡ്-20 | 40000, 19-10-2019<br>1,6000,10-03-20 | 200000 |
| സിന്ധു ഉണ്ണികൃഷ്ണൻ വാർഡ്-6 | 40000, 19-12-2019<br>100000,29-10-2021<br>1,6000,10-03-20 | 100000 |
| ഷഹീദബാനു, വാർഡ്-3 | 40000, 19-10-2019<br>1,6000,14-05-21 | 200000 |
| റിൻസിയ, വാർഡ്- | 40000, 19-12-2019<br>1,6000,14-05-21 | 200000 |
| സജ്ന അബ്ബാസ് , വാർഡ്-6 | 40000, 19-12-2019<br>1,6000,14-05-21 | 200000 |
| കൗലത്ത്, വാർഡ്-15 | 160000,14-05-20<br>40000,29-07-21 | 200000 |
| സീനത്ത്,വാർഡ്-20 | 40000, 19-12-2019<br>1,6000,14-05-21 | 200000 |
| ധന്യ, വാർഡ്-8 | 40000,12-03-20<br>2,2000,16-07-21<br>100000, 12-08-22 | 40000 |
| സ്രാജ്-15 | 40000,15-10-20<br>160000,16-07-21 | 200000 |
| റസീന, വാർഡ്-5 | 40000,25-03-21<br>160000,30-10-21 | 200000 |
| സുശീല ,വാർഡ്-7 | 40000,25-03-21<br>40000,15-10-20 | 3,20000 |
| ഇർഷാദ്, വാർഡ്-12 | 40000,25-03-21<br>60000,30-10-21<br>1,60000, | 1,40000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-33 ലൈഫ് ഭവന പദ്ധതി- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത്- ചെലവ്

പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2021-22സാമ്പത്തിക വർഷത്തിൽ വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയിൽ ചെലവഴിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ചെലവു പത്രികയിൽ മുഴുവൻ തുകയും വന്നിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്യാഷ് ബുക്ക് പ്രകാരം ചെലവഴിച്ച ജില്ലാ വിഹിതം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|
| 14-08-21, 800000- | ചെലവഴിച്ച തുക വിവരം വന്നിട്ടില്ല | 800000- |
| 14-08-21, 31,20000 | ചെലവഴിച്ച തുക വിവരം വന്നിട്ടില്ല | 31,20000 |
| 1-11-21, 7,80000 | ചെലവഴിച്ച തുക വിവരം വന്നിട്ടില്ല | 7,80000 |
| 3-11-21, 17,0000 | ചെലവഴിച്ച തുക വിവരം വന്നിട്ടില്ല | 17,0000 |
| 30-12-21, 36,00000 | 36,00000 | 0 |
| | ആകെ | 4870000- |

ഇപ്രകാരം ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ നിന്നും ഈ പദ്ധതിയുടെ 4870000- രൂപയുടെ ചെലവുകൾ ഒഴിവായി പോയിട്ടുണ്ട്.

1-34 ലൈഫ് ഭവന പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (SC) പ്രകാരം ആകെ 1905000-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ - 124 | അടങ്കൽ - 5100000- | ചെലവ്-1905000- |
| ലൈഫ് ഭവന പദ്ധതി (SC) | വികസന ഫണ്ട്-1500000<br>സംസ്ഥാനാവിഷ്കൃതം- 2000000<br>ബ്ലോക്ക് പഞ്ചായത്ത്-800000<br>ഗ്രാമപഞ്ചായത്ത് -800000 | വികസന ഫണ്ട്-1500000-<br>ബ്ലോക്ക് പഞ്ചായത്ത്-405000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബിൽ നമ്പർ 6/22, 1308-21 |

1. സർക്കാർ ഉത്തരവ് (കൈ) 34/2018/ ത.സ്വ.ഭ.വ28.9.2016 ലൈഫ് മിഷൻ കരാർ പത്രിക ക്രമ നമ്പർ 5 പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിച്ച ഭവനം 12 വർഷത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ കൈമാറ്റം ചെയ്യരുതെന്ന നിബന്ധന കരാർ ചമക്കാതെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

2) മാത്രമല്ല ഓരോ ഗഡുക്കൾ നൽകുമ്പോഴും മുൻപ് നൽകിയ തുകയുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടുകയും നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് ഫീൽഡ് പരിശോധന നടത്തി വീട് പണിയുടെ പുരോഗതി ഉറപ്പാക്കിയതിനു ശേഷം മാത്രമെ അടുത്ത ഗഡു അനുവദിക്കുവാൻ പാടുള്ളൂ.

എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | ദേവകി | 0509769230 | 100000 |
| 2 | കുഞ്ചി | 0509774262 | 30000 |
| 3 | തങ്കമണി | 007501000019774 | 50000 |
| 4 | സീത.കെ വി | 007500100021576 | 100000 |
| 5 | മഞ്ജു എം | 007504100014546 | 160000 |
| 6 | അശ്വതി വി | 007504100016035 | 100000 |
| 7 | ഗിരിജ | 0509779339 | 200000 |
| 8 | രജനി .സി | 67232566076 | 160000 |
| 9 | ചന്ദ്രിക പി വി | 007500100029492 | 160000 |
| 10 | അർച്ചന .എം | 1443101021096 | 100000 |
| 11 | സരസു | 1443101012818 | 100000 |
| 12 | വിജിത .V | 1443101017170 | 100000 |
| | | ആകെ | 1360000 |

അനുവദിച്ച എല്ലാ ഗഡുക്കളുടെയും സ്റ്റേജ് സർട്ടിഫിക്കറ്റുകൾ , കരാർപത്രങ്ങൾ അനുബന്ധ രേഖകൾഹാജരാക്കുന്നതു വരെ ചെലവു തുക 1360000 രൂപ തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (19 /28-02-23 ) മറുപടിയിൽ ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളിൽ നിന്നും അനുബന്ധരേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-35 ലൈഫ് ഭവനം- അധിക വിഹിതം നൽകി-20000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| പ്രൊജക്ട് നമ്പർ - 219 | അടങ്കൽ | ചെലവ് |
|---|---|---|
| ലൈഫ് ഭവനം (ജനറൽ) | 15144182 | 10000000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ചെക്ക് നം-JH 1565367, 18-09-2021. തുക-3540000 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (GEN ) പ്രകാരം ആകെ 10000000-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2018-19 ൽ എഗ്രിമെന്റ് വെച്ച കമലം, വാർഡ്-20 എന്ന ഗുണഭോക്താവിന് താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

| തിയ്യതി | വിഹിതം | തുക |
|---|---|---|
| 31-12-2018 | പഞ്ചായത്ത് ഷെയർ | 40000 |
| 20-08-2019 | ഹഡ്കോ വായ്പ | 160000 |

| | | |
|---|---|---|
| 30-03-2020 | സംസ്ഥാനാവിഷ്കൃതം | 100000 |
| 23-09-2020 | ഹഡ്‌ക്കോ വായ്പ | 60000 |
| 23-09-2021 | ഹഡ്‌ക്കോ വായ്പ | 60000 |
| | ആകെ | 420000 |

ലൈഫ് ഭവനത്തിൽ ഒരു ഗുണഭോക്താവിനു ആകെ നൽകാവുന്ന പരമാവധി തുക നാല് ലക്ഷമാണ്. ചെക്ക് നം-JH 1565367, 18-09-2021, തുക-3540000 രൂപ പിൻവലിക്കുകയും 60000- രൂപ 23-09-2021 മേൽ ഗുണഭോക്താവിനു അവസാന ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹമായ ഗഡു 40000 രൂപയാണ്. എന്നാൽ മേൽ ഗുണഭോക്താവിനു വിവിധ ഗഡുക്കളായി 420000- നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 20000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവനം- അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

| പ്രൊജക്റ്റ് നമ്പർ - 219 | അടങ്കൽ - | ചെലവ്- |
|---|---|---|
| ലൈഫ് ഭവനം (ജനറൽ) | 15144182- | 10000000- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ചെക്ക് നം-JH 1565367, 18-09-2021. തുക-35,40000 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (GEN ) പ്രകാരം ആകെ 10000000-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2018-19 ൽ എഗ്രിമെന്റ് വെച്ച കമലം, വാർഡ്-20 എന്ന ഗുണഭോക്താവിന് താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

| തിയ്യതി | വിഹിതം | തുക |
|---|---|---|
| 31-12-2018 | പഞ്ചായത്ത് ഷെയർ | 40000 |
| 20-08-2019 | ഹഡ്‌ക്കോ ലോൺ | 1,60000 |
| 30-03-2020 | സംസ്ഥാനാവിഷ്കൃതം | 1,00000 |
| 23-09-2020 | ഹഡ്‌ക്കോ ലോണ് | 60000 |
| 23-09-2021 | ഹഡ്‌ക്കോ ലോണ് | 60000 |
| | ആകെ | 420000 |

ലൈഫ് ഭവനത്തിൽ ഒരു ഗുണഭോക്താവിനു ആകെ നൽകാവുന്ന പരമാവധി തുക നാല് ലക്ഷമാണ്. ചെക്ക് നം-JH 1565367, 18-09-2021, തുക-3540000 രൂപ പിൻവലിക്കുകയും 60000- രൂപ 23-09-2021

മേൽ ഗുണഭോക്താവിനു അവസാന ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹമായ ഗഡു 40000 രൂപയാണ്. എന്നാൽ മേൽ ഗുണഭോക്താവിനു വിവിധ ഗഡുക്കളായി 420000- നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 20000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

3-2 തെരുവു വിളക്ക് റിപ്പയർ - ചെലവിനാസ്പദമായ അനുബന്ധ രേഖകൾ ഇല്ല.

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഭൂരിഭാഗം തെരുവു വിളക്കുകളും കത്തുന്നില്ല എന്ന് പൊതുജനങ്ങളിൽനിന്നും വന്ന പരാതികളുടെ അടിസ്ഥാനത്തിൽ മെമ്പർമാർ സ്വന്തം ചെലവിൽ 6000 രൂപ മുതൽ 7000 രൂപ വരെ തുക ചെലവാക്കി ലൈറ്റുകൾ കത്തിച്ചിട്ടുണ്ടെന്നും ആയത് തിരികെ നൽകണമെന്ന മെമ്പർമാരുടെ ആവശ്യം 16.04.2021 ലെ ഭരണസമിതി യോഗം ചർച്ച ചെയ്യുകയും പ്രോജക്ട് ഇല്ലാതെ വലിയ തുക നൽകുന്നതിന് സാങ്കേതിക തടസം ഉള്ളതായി സെക്രട്ടറി അറിയിക്കുകയും ചെയ്തിട്ടുണ്ട്. തെരുവു വിളക്കുകൾ റിപ്പയർ ചെയ്ത സാഹചര്യത്തിൽ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന മുറയ്ക്ക് ഓരോ വർഡിലും പരമാവധി 3000 രൂപ വീതം നൽകുന്നതിന് 16.04.2021 ലെ 8(28) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം മെമ്പർമാർക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം.തീയതി | തുക |
|---|---|---|
| 1 | 22100133/06.05.21 | 36000 |
| 2 | 22100140/24.05.21 | 3000 |
| 3 | 22100201/07.06.21 | 24000 |
| 4 | 22100219/16.06.21 | 3000 |
| 5 | 22100286/02.07.21 | 3000 |
| | ആകെ | 69000 |

തെരുവു വിളക്കുകളുടെ റിപ്പയറിംഗ്, മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രകാരം സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) 3055/ഡി.എ 3/2011/ത.സ്വ.ഭ.വ,തീയതി 15.09.2011

2)269/ഡി.എ 3/2018/ത.സ്വ.ഭ.വ,തീയതി 29.05.2018

3)പഞ്ചായത്ത് ഡയറക്ടറുടെ ജി2/44274/2015 തീയതി 17.08.2015

പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ പറയുന്ന

1) തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതായി കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ഇല്ല. സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയിട്ടില്ല.

2) പ്രവൃത്തി നിർവ്വഹിച്ചതായി മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഉള്ളത്. തൊഴിലാളുകളുടെ മസ്റ്റർ റോൾ, വേതനം കൈപ്പറ്റിയതിന്റെ വിവരങ്ങൾ, സാധനങ്ങളുടെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10/27.02.2023) തെരുവു വിളക്ക് പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഭൂരിഭാഗം തെരുവു വിളക്കുകളും കത്തുന്നില്ല എന്ന് പൊതുജനങ്ങളിൽനിന്നും വന്ന പരാതികളുടെ അടിസ്ഥാനത്തിൽ, തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടങ്ങൾ നിലവിലുള്ളതിനാൽ ടെണ്ടർ നടപടിക്രമങ്ങൾക്ക് നിയന്ത്രണമുള്ളതിനാലാണ്, നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതെന്നും ഭാവിയിൽ ആവർത്തിക്കുകയില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല.

വാങ്ങിയ സാധനങ്ങളുടെ ബിൽ, കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം, തൊഴിലാളികളുടെ മസ്റ്റർ റോൾ,

വേതനം കൈപ്പറ്റിയതിന്റെ വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ ചെലവു തുക 69000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 22.02.2023 മുതൽ 28.02.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | മുന്നിരിപ്പ് 648921 | | 0 | 648921 |
| | | 875000 | 73/22 സമൃദ്ധി സമഗ്ര നെൽകൃഷി വികസനം | 875000 | 0 |
| | | 405000 | 124/22 ലൈഫ് ഭവനം എസ്.സി.പി | 405000 | 0 |
| | | 100000 | 65/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| | | 275000 | 89/22 പാലിന് സബ്സിഡി | 275000 | 0 |
| | ആകെ | 2303921 | | 1655000 | 648921 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | മുന്നിരിപ്പ് 3682247 | | 0 | 3682247 |
| | | 775000 | 73/22 സമൃദ്ധി സമഗ്ര നെൽകൃഷി വികസനം | 775000 | 0 |
| | | 3600000 | 123/22 ലൈഫ് ഭവനം.ജനറൽ | 3600000 | 0 |
| | | 328612 | 65/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 176000 | 152612 |
| | | 200000 | 89/22 പാലിന് സബ്സിഡി | 200000 | 0 |
| | | 50000 | 97/22 പാലിന് സബ്സിഡി -എസ്.സി | 50000 | 0 |
| | ആകെ | 8635859 | | 4801000 | 3834859 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ലഭിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി | 121/22 വലിയമ്മക്കാവ് എസ്,സി കോളനി പോസ്റ്റിട്ട് ലൈൻ വലിക്കൽ (വികസന ഫണ്ട്- എസ്.സി.പി) | 35/22 തീ.22.02.22 | 118191 രൂപ | 0 | 118191 |
| | 118/22 വിവിധ വാർഡുകളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ (തനതു ഫണ്ട്) | 22101093/10.03.22<br>22101159/29.03.22 | 94400<br>300000 | 0 | 94400<br>300000 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് മേലാമുറി | 172/22 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവു വിളക്കിന് ലൈൻ വലിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 38/22 തീ.22.02.22<br>48/22 തീ.31.03.22 | 41300<br>133338 | 0 | 41300<br>133338 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി | 176/22 വിവിധ വാർഡുകളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ (തനതു ഫണ്ട്) | 22101094/14.03.22<br>22101158/29.03.22 | 42250<br>48298 | 0 | 42250<br>48298 |
| | | ആകെ | 777777 | 0 | 777777 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹഡ്കോ വായ്പ | GO(MS)No. 68/ 2018. LSGD Dt. 8.5.2018 | 6740000 | 60329270 | 7362667* | - | 59706603 |

*വികസന ഫണ്ടിന്റെ (ജനറൽ,എസ്.സി.പി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക

4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പിരായിരി ഗ്രാമപഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയിലെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതു വരെ ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 182060407.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 136564565.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 89,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3145754.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഒന്നുമില്ല | 20,000/- | ശ്രീ.ശിവപ്രസാദ്.കെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | ഒന്നുമില്ല | 69000 | ശ്രീ.മുഹമ്മദ് ഷാഫി സെക്രട്ടറി-39000 ശ്രീ രജീഷ് കുമാർ സി.സി, അസി സെക്രട്ടറി 30000 |
| | ആകെ | 89000 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 5474 | ശ്രീ.സജീവ് കുമാർ സെക്രട്ടറി |
| 1-30 | 80280 | ശ്രീ രജീഷ് കുമാർ സി.സി, അസി സെക്രട്ടറി 35700<br>ശ്രീ.സജീവ് കുമാർ സെക്രട്ടറി 44430 |
| 1-31 | 1700000 | ശ്രീ.ശിവപ്രസാദ്.കെ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-34 | 1360000 | ശ്രീ.ശിവപ്രസാദ്.കെ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| ആകെ | 3145754 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശിവപ്രസാദ്.കെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , മങ്കര ഗ്രാമ പഞ്ചായത്ത് | ശ്രീ.ശിവപ്രസാദ്.കെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , കൃഷ്ണപ്രസാദം,പനങ്കാവ്, പട്ടഞ്ചേരി. പാലക്കാട്-678582 |
| ശ്രീ.സജീവ് കുമാർ കെ. ജി സെക്രട്ടറി | | കങ്ങത്ത് ഹൗസ്,പുതിയകം പി ഒ, ആലത്തൂർ, പാലക്കാട്-678545 |
| ശ്രീ.മുഹമ്മദ് ഷാഫി സെക്രട്ടറി | സെക്രട്ടറി മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | മുഹമ്മദ് ഷാഫി പി.കെ T/C 6/488(5), അൽ റയ്ഹാൻ ലെക്ക് ഗാർഡൻ,അരപ്പുര, വട്ടിയൂർക്കാവ്,തിരുവനന്തപുരം-695013 |
| ശ്രീ രജീഷ് കുമാർ സി.സി, അസി സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി പിരായിരി ഗ്രാമപഞ്ചായത്ത് | ചെറിങ്ങൽ വീട് അനിക്കോട്, കരിയംക്കോട്, പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | 11 |
| 1997-98 | LF.P12/42/06/19.04.06 | 2 |
| 1998-99 | LF.P7/756/01/15.07.06 | 10 |
| 1999-00 | LF.P12/462/09/12.06.09 | 2 |
| 2000-01 | LF.P12/1396/05/04.01.06 | 22 |
| 2001-02 | LF.P12/1631/07/05.04.08 | 5 |
| 2002-03 | LF.P12/558/06/09.10.06 | 8 |
| 2003-04 | LF.P14/1405/13/22.10.13 | 5 |
| 2004-05 | LF.P17/1074/10/01.12.10 | 8 |
| 2005-06 | LF.P17/1074/10/01.12.10 | 7 |
| 2006-07 | LF.P17/1068/10/19.11.10 | 10 |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | 7 |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | 8 |
| 2009-10<br>2010-11<br>2011-12 | LF.P17/2763/13/06.01.14 | 23 |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | 18 |
| 2013-14<br>&<br>2014-15 | നം.കെ.എസ്.എ-പികെഡി-17/1427/16 /8.8.2016 | 24 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/08.02.17 | 4 |
| 2016-17 | കെ.എസ്.എ-പികെഡി17-1174/2017 /26.07.2017 | 14 |
| 2017-18 | നം.കെ.എസ്.എ-പികെഡി.17-835/2019 /20.07.2019 | 29 |
| 2018-19 | നം.കെ.എസ്.എ-പികെഡി.17/54 | 31 |

| | | |
|---|---|---|
| | /2020/19.05.2020 | |
| 2019-20 | നം.കെ.എസ്.എ-പികെഡി.17/1648 /21/21.01.2022 | 32 |
| 2020-21 | നം.കെ.എസ്.എ-പികെഡി.17/1649 /21/21.01.2022 | 34 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## വാർഷിക കണക്കുകൾ- സംക്ഷിപ്തം

| Pirayiri Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9971802.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 470500.00 |
| 140000000 | Fee & User Charges | I-4(b) | 925537.00 |
| 150000000 | Sale & Hire Charges | I-5(b) | 200615.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 215474276.00 |
| 171000000 | Interest Earned | I-8 | 976607.00 |
| 180000000 | Other Income | I-9 | 23600.00 |
| | Total Income | | 228042937.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13915181.00 |
| 220000000 | Administrative Expenses | I-11(b) | 2189343.00 |
| 230000000 | Operations & Maintenance | I-12(b) | 10116440.00 |
| 240000000 | Interest & Finance Charges | I-13 | 1697.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6982897.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 74115609.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8957022.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1101863.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 90722000.00 |
| 255000000 | Maintenance Projects | I-14(e) | 7212987.00 |
| | Total Expenditure | | 215315039.00 |
| | Gross Surplus / Deficit of income over Expenditure | | 12727898.00 |
| | Gross Surplus / Deficit of income over Expenditure | | 12727898.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| Pirayiri Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31360925.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 3052393.00 |
| 130000000 | Rental income from Panchayat Properties | RP-3 | 470500.00 |
| 140000000 | Fees & User Charges | RP-4 | 617473.00 |
| 150000000 | Sale & Hire Charges | RP-5 | 200615.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69865598.00 |
| 171000000 | Interest Earned | RP-9 | 976607.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26214727.00 |
| 350000000 | Other Liabilities | RP-36 | 657812.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 23600.00 |
| 311000000 | Earmarked Funds | RP-29 | 196.00 |
| 330000000 | Secured Loans | RP-32 | 6740000.00 |
| 340000000 | Deposits Received | RP-34 | 450676.00 |
| 350000000 | Other Liabilities | RP-36 | 541738.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 40526987.00 |
| 460000000 | Loans, Advances and Deposits | RP-47 | 360560.00 |
| | Grand total | | 182060407.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4255673.00 |
| 220000000 | Administrative Expenses | RP-12 | 2189343.00 |
| 230000000 | Operations & Maintenance | RP-13 | 10087040.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6430072.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 48345791.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 12026254.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1101863.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 600000.00 |
| 255000000 | Maintenance Projects | RP-20 | 7212987.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2186733.00 |
| 350000000 | Other Liabilities | RP-36 | 9250148.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1697.00 |
| 340000000 | Deposits Received | RP-34 | 404195.00 |
| 350000000 | Other Liabilities | RP-36 | 2456653.00 |
| 410000000 | Fixed Assets | RP-38 | 6584063.00 |
| 412000000 | Capital work in Progress | RP-40 | 863925.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 20098038.00 |
| 460000000 | Loans, Advances and Deposits | RP-47 | 2470090.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 45296540.00 |
| Cash | Cash | RP-40(b) | 199302.00 |
| | Grand Total | | 182060407.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| Pirayiri Grama Panchayat BALANCE SHEET | | | |
| as on 31-March-2022 | | | |
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 65416853.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1288.00 |
| 312000000 | Reserves | B-3 | 43355552.00 |
| | Total Reserve & Surplus | | 108773693.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18255564.00 |
| | Total Grants, Contributions for Specific Purposes | | 18255564.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 59706603.00 |
| | Total Loans | | 59706603.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 728381.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1948963.55 |
| | Total Current Liabilities and Provisions | | 2677344.55 |
| | TOTAL LIABILITIES | | 189413205.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60695757.00 |
| 411000000 | Accumulated Depreciation | B-11 | -5301184.00 |
| 412000000 | Capital Work in Progress | B-11(a) | 2158309.00 |
| | Total Fixed Assets | | 57552882.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 23103483.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -412845.00 |
| 440000000 | Pre-paid Expenses | B-16 | 59706603.00 |
| 450000000 | Cash and Bank Balance | B-17 | 45495842.00 |
| 460000000 | Loans, Advances and Deposits | B-18 | 3967240.00 |
| | Total Current Assets, Loans and Advances | | -412845.00 |
| | Total Current Assets, Loans and Advances | | 132273168.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 189413205.00 |

DEPUTY DIRECTOR